**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5202** **02-11-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി അസാപ് സ്കിൽ പാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2011-16 കാലഘട്ടത്തിലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച തിരൂരങ്ങാടി അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ച സ്ഥലത്ത് നിർമ്മാണത്തിന് തടസ്സം നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി പുതുപ്പറമ്പിലെ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റുന്നതിന് സ്ഥലം എം.എൽ.എ. കത്ത് നൽകിയിരുന്നോ; | (ബി) | നൽകിയിരുന്നു. |
| (സി) | എം.എൽ.എ.യുടെ ശിപാർശ പ്രകാരം പുതുപ്പറമ്പ് വനിതാ പോളിടെക്നിക് കോളേജിൽ ഈ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | എ.ഡി.ബി.-യുടെ സഹായത്തോടെ അസാപ് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനമായിരുന്നു. ആദ്യഘട്ടം നിർമ്മാണം തുടങ്ങിയ 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് മുൻപോട്ട് പോകാൻ സാധിച്ചില്ല. സമയബന്ധിതമായി പണികഴിപ്പിക്കേണ്ടിയിരുന്ന ഈ പദ്ധതി, പിന്നീട് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനുള്ള ഭൂമി അസാപ്പിനു വിട്ടുകിട്ടിയ മുൻഗണനാ ക്രമത്തിൽ, 7 സ്ഥലങ്ങളിൽ കൂടി ആരംഭിക്കുകയായിരുന്നു. അതിനാൽ എടരിക്കോട് പഞ്ചായത്ത് പുതുപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിന്റെ സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ